# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 103 | 13.12.2012 ൽ - മറുപടിക്ക്

## ബാങ്കുകൾ വഴി റേഷൻ സബ്സിഡി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശശി<br>" ഇ. ചന്ദ്രശേഖരൻ<br>" പി. തിലോത്തമൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ സബ്സിഡി ബാങ്കുകൾ വഴി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) | നിലവിൽ സബ്സിഡിപദ്ധതിയിൽ ഉൾപ്പെട്ട എ.പി.എൽ. കാർഡുകൾക്കു നൽകി വരുന്ന സബ്സിഡി തുക കാർഡുടമകളുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്ന പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എന്നാൽ എന്നു മുതൽ ഈ പദ്ധതി നടപ്പിൽ വരുത്തണം, എപ്രകാരമാണ് പദ്ധതി നടപ്പിൽ വരുത്തേണ്ടത്, ഏതേതു ബാങ്കുകൾ മുഖേനയാണ് സബ്സിഡി വിതരണം ചെയ്യേണ്ടത് തുടങ്ങിയ വിഷയങ്ങളിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (ബി) റേഷൻ സബ്സിഡി ലഭിക്കുന്നതിന് പാലിക്കേണ്ട നടപടി ക്രമങ്ങൾ എന്തെല്ലാം; | (ബി) | എ.പി.എൽ. വിഭാഗങ്ങളുടെ സബ്സിഡി ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിനാണ് നിലവിൽ തീരുമാനം എടുത്തിട്ടുള്ളത്. സബ്സിഡി ലഭിക്കുന്നതിന് കാർഡുടമയ്ക്ക് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്. |
| (സി) ഏതെല്ലാം റേഷൻ സാധനങ്ങൾക്ക് എത്ര നിരക്കിൽ സബ്സിഡിനൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ നൽകി വരുന്ന നിരക്കിൽ തന്നെയാണ് തുടർന്നും സബ്സിഡി നൽകുന്നത്. എ.പി.എൽ. അരിയ്ക്ക് കിലോഗ്രാമിന് 6.90 രൂപ നിരക്കിലും, എ.പി.എൽ. ഗോതമ്പിന് 4.70 രൂപ നിരക്കിലുമാണ് സബ്സിഡി നൽകിവരുന്നത്. ഈ സബ്സിഡിയാണ് ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ